## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3002 — 15.02.2013-ലെ മറുപടിക്ക്

### ആറന്മുള വിമാനത്താവളം നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമി

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീ.രാജു എബ്രഹാം
ശ്രീമതി.പി.അയിഷാ പോറ്റി

**മറുപടി**

ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറന്മുള വിമാനത്താവളത്തിനുവേണ്ടി കണ്ടെത്തിയ ഭൂമി മിച്ചഭൂമിയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനധികൃതമായി കൈവശംവെക്കുന്ന ഭൂമി തിരിച്ചു പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ആറന്മുള വിമാനത്താവളത്തിനായി KGS ആറന്മുള ഗ്രീൻ ഫീൽഡ് എയർപോർട്ട് ലിമിറ്റഡ് കമ്പനി കോഴഞ്ചേരി എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റി ചെയർമാൻ ശ്രീ.കെ.ജെ.എബ്രഹാം കലമണ്ണിൽ എന്നയാളിൽ നിന്നും വാങ്ങിയ ഭൂമിയിൽ കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡിലെ SM 1/12 നമ്പർ മിച്ചഭൂമി കേസുകളിൽപ്പെട്ട 85.5517 ഹെക്ടർ ഭൂമിയും ഉൾപ്പെട്ടിട്ടുള്ളതാകുന്നു. ടി മിച്ചഭൂമി കേസ് കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് വിചാരണ നടത്തി വരികയാണ്. കേസിൽ ഉടൻ തന്നെ അന്തിമ തീരുമാനമെടുക്കുമെന്ന് കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാൻ അറിയിച്ചിട്ടുണ്ട്. |
| (ബി) | വിമാനത്താവള നിർമ്മാണത്തിനുവേണ്ടി അനധികൃതമായി നെൽവയൽ മണ്ണിട്ട് നികത്തിയത് പ്രദേശത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുള്ള കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായോ; | (ബി) | പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന പത്രറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ടി പ്രദേശത്ത് അനധികൃതമായി നിലം നികത്തിയതിനെതിരെ ശ്രീ.കെ.ജെ.എബ്രഹാം കലമണ്ണിൽ എന്നയാളുടെ പേരിൽ ചട്ടപ്രകാരമുള്ള നടപടികൾ അടൂർ റവന്യൂ ഡിവിഷണൽ ഓഫീസിൽ നടന്നു വരികയാണ്. |
| (സി) | വയലിനരികിലൂടെ ഒഴുകുന്ന തോടുകൾ നികന്നതിനാൽ സമീപ പ്രദേശങ്ങളിലേക്കുള്ള നീരൊഴുക്ക് തടസ്സപ്പെടുകയും തൻമൂലം കൃഷിയിറക്കുന്നതിന് പറ്റാത്ത സാഹചര്യം ഉളവായത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്തു നടപടിയാണ് സ്വീകരിച്ചത്; | (സി) | വിമാനത്താവള പദ്ധതി പ്രദേശത്ത് ശ്രീ.കെ.ജെ.എബ്രഹാം കലമണ്ണിൽ എന്നയാൾ 2.5727 ഹെക്ടർ സർക്കാർപുറമ്പോക്ക് തോട് കൈയ്യേറി നികത്തിയിരുന്നു. ഇതു സംബന്ധിച്ച പരാതികൾ പത്തനംതിട്ട ജില്ലാ കളക്ടർക്കും അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്കും ലഭിച്ചിട്ടുണ്ട്. പ്രസ്തുത കൈയ്യേറ്റത്തിനെതിരെ കോഴഞ്ചേരി അഡീഷണൽ തഹസിൽദാർ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതും നടപടി പൂർത്തിയാക്കി സർക്കാർ പുറമ്പോക്ക് തോട് കൈയ്യേറ്റം ഒഴിപ്പിച്ച് ബോർഡ് സ്ഥാപിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | മിച്ചഭൂമി തിരിച്ചു പിടിച്ച് വയലിലെ നീരൊഴുക്കുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | മിച്ചഭൂമിക്കേസ് കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് വിചാരണ നടത്തി വരികയാണ്. കേസിൽ ഉടൻ തന്നെ അന്തിമ തീരുമാനമെടുക്കുമെന്ന് കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ